# ST FRANCIS SALES LP SCHOOL
# KALLUVETTANKUZHY
# VIZHINJAM

# <u>സ്കൂൾ വിവരങ്ങൾ</u>

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | നെയ്യാറ്റിൻകര |
| 2. സ്കൂൾ കോഡ് | : | 44254 |
| 3. സ്കൂളിന്റെ പേര് | : | സെന്റ് ഫ്രാൻസിസ് സാലസ് എൽ. പി. സ്ക്കൂൾ |
| 4. മേൽവിലാസം | : | വിഴിഞ്ഞം . പി.ഒ, തിരുവനന്തപുരം |
| 5. പിൻകോഡ് | : | 695521 |
| 6. ഫോൺ നമ്പർ | : | 0471 2483447 |
| 7. ഇ-മെയിൽ അഡ്രസ് | : | sfsschoolvzm@gmail.com |
| 8. ഗ്രാമ പഞ്ചായത്ത് | : | വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് |
| 9. വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| 10. സബ്ജില്ല | : | ബാലരാമപുരം |
| 11. ക്ലാസുകൾ | : | 1 മുതൽ 4 വരെ |
| 12. മാനേജ്മെന്റ് | : | പ്രൈവറ്റ് |
| 13. പഠനമാധ്യമം | : | ഇംഗ്ലീഷ് |

**ആമുഖം:**

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഭാഗത്തായി വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലാണ് സെന്റ് ഫ്രാൻസിസ് സാലസ് എൽ. പി. സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. പാഠ്യപാഠ്യേതര രംഗത്ത് സംസ്ഥാനതലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സരപരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്നവിജയം നേടാനും സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.,. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ്മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നലപ്പിലാക്കികുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

സ്കൂൾ രൂപംകൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറുമെന്നും പ്രതീക്ഷിക്കാം.

## സ്കൂൾ ചരിത്രം

1980 കാലയളവുമുതൽ ഒരു നഴ്സറി സ്ക്കൂളായി പ്രവർത്തനം ആരംഭിച്ച എസ്.എഫ്. സ്ക്കൂൾ 1996 – ൽ ഗവൺമെന്റ് അപ്രൂവായി ഒരു എൽ. പി. സ്ക്കൂളായി പ്രവർത്തനം ആരംഭിച്ച സ്കൂൾ പിന്നീട് വളർച്ചയിലേക്കായിരുന്നു.

സ്കൂൾ ആരംഭിച്ചതുമുതൽ മികവുകളുടെ ചരിത്രമാണ് സ്ക്കൂളിനുള്ളത് . സ്ക്കൂൾ കലോത്സവങ്ങളിലും , ബാലകലോത്സവങ്ങളിലും മികവ് നിലനിർത്താൻ സ്കൂളിന് കഴിഞ്ഞു.

## എസ്.എഫ്.എസ്. സ്കൂൾ ഇന്ന്

ആധുനചശ സജ്ജീകരണങ്ങളുമായി ഇന്ന് ഈ സ്കൂൾ ഈ പ്രദേശത്തെ തന്നെ ഏറ്റവും നല്ല സ്ക്കൂളായി നിലകൊള്ളുന്നു. കുരുന്നുകളെ അിറവിന്റെ ലോകത്തിലേയ്ക്ക് കൈ പിടിച്ചു കൊ ുവരുകയാണ് ഇന്ന്. നല്ലൊരു കളിസ്ഥലം കുട്ടികളിലെ കായികബലത്തെ വർദ്ധിപ്പിക്കുന്നു. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഉള്ള ശ്രാമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

### അക്കാദമികം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ
മികച്ച വിജയം നേടുന്നു. എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരം ഉള്ളതാണ്. കൊ കരിക്കുലർ പ്രവർത്തനങ്ങളായ ഡാൻസ് , മ്യൂസിക്ക് , സുംബാ എന്നിവ കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുന്നു. സുസജമായ കംമ്പ്യൂട്ടർ ലാബും സ്മാർട്ട് ക്ലാസ്സും കുട്ടികൾക്ക് കൊടുക്കാൻ കഴിയുന്നു ്.

### ഭൗതികം

### നേട്ടങ്ങൾ

കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്.
ഇരുപതിലേറേ കമ്പ്യൂട്ടറുകളുള്ള ഐ.ടി.ലാബ് സ്കൂളിൻ്റെ മറ്റൊരു
ഭൗതിക നേട്ടമാണ്. ആയിരം പേർക്ക് ഇരിക്കാവുന്ന വിശാലമായ ഓപ്പൺ ഓഡിറ്റോറിയം മറ്റ് സ്കൂളുകൾക്ക് തന്നെ മാതൃകയാണ്. 1 മുതൽ 4 വരെയുള്ള കുട്ടികളെ നല്ല സമൂഹത്തിലേയ്ക്കായി വളർത്തിയെടുക്കാൻ സ്ക്കൂളിന് കഴിഞ്ഞു.
അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ
വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനംഅനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ

5. ശാസ്ത്രപോഷണ പരിപാടി
6. ലൈബ്രറി ശാക്തീകരണം
7. ജൈവ വൈവിധ്യ പാർക്ക് - ഒരുക്കൽ
8. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
9. പഠനയാത്രകൾ
10. സ്കൂൾ പത്രം, മാസിക
11. അധ്യാപക ശാക്തീകരണം
12. പ്രവൃത്തി പരിചയ പരിശീലനം
13. കലാപരിപോഷണം
14. പച്ചക്കറിത്തോട്ടം
15. മെഡിക്കൽ ക്യാമ്പുകൾ
16. ചിത്രരചനക്യാമ്പ്
17. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

**ഉപസംഹാരം**

എസ്.എഫ്.എസ്. എൽ . പി . സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസ മാണ് വിദ്യാഭ്യാസം കൊ ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയു മെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കു ്.